(സി) ജി.ഒ.(എം.എസ്) 50/08/ഉവിവ തീയതി 9-5-2008 ഉത്തരവ് പ്രകാരം എയ്ഡഡ് കോളേജ് ലൈബ്രേറിയൻമാർക്ക് വ്യവസ്ഥകൾക്ക് വിധേയമായി യു.ജി.സി. സ്കെയിൽ ശമ്പളം അനുവദിച്ച് നൽകിയിട്ടുണ്ട്. ടി ഉത്തരവിന് അനുസൃതമായി പ്രൊപ്പോസൽ സമർപ്പിക്കുന്ന ലൈബ്രേറിയൻ മാർക്ക് യു.ജി.സി. സ്കെയിൽ നൽകി വരുന്നു. (എണ്ണം വ്യക്തമാക്കപ്പെട്ടിട്ടില്ല.)

(ഡി) ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

കോളേജ് അദ്ധ്യാപകരുടെ എൻട്രി കേഡറിനുള്ള പ്രായപരിധി

81 (3835) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. ടി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോളേജ് അദ്ധ്യാപകരുടെ എൻട്രി കേഡറിനുള്ള പ്രായപരിധി സ്കൂൾ അദ്ധ്യാപകരുടെ എൻട്രി കേഡറിന് തുല്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) സംസ്ഥാനത്ത് ഗേറ്റ്, യു.ജി.സി പരീക്ഷകൾക്കു വേണ്ടി സർക്കാർ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) സംസ്ഥാനത്തെ കോളേജുകളിൽ ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായം നടപ്പിലാക്കിയതിന്റെ ഭാഗമായി നിലവിലുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ അദ്ധ്യാപക തസ്തികകൾ എയ്ഡഡ് കോളേജ് ഉൾപ്പെടെ നികത്തുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) സംസ്ഥാനത്തെ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുമോ ;

(ഇ) ആർട്സ് വിഷയങ്ങളുടെ സിലബസ് കാലാനുസൃതമായി പരിഷ്കരിക്കുവാൻ ശ്രമിക്കുമോ ?

ഉത്തരം

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിലെ നിലവിലുള്ള സ്പെഷ്യൽ റൂൾസ് പ്രകാരം അദ്ധ്യാപകരുടെ എൻട്രി കേഡറിലെ ഉയർന്ന പ്രായപരിധി 35 വയസ്സാണ്. എന്നാൽ പ്രീഡിഗ്രി കോളേജുകളിൽ നിന്നും വേർപെടുത്തിയതുമൂലം കോളേജുകളിൽ ഏഴു വർഷക്കാലം നിലനിന്നിരുന്ന നിയമനനിരോധനവും തുടർന്ന് പലകാരണങ്ങളാൽ നിയമനം നടത്താൻ കഴിയാതെ വന്ന സാഹചര്യങ്ങളും കണക്കിലെടുത്ത്, കോളേജ് അദ്ധ്യാപകരുടെ എൻട്രി കേഡറിലുള്ള ഉയർന്ന പ്രായപരിധി 1-1-2004 മുതൽ 31-12-2011 വരെ താത്ക്കാലികമായി 40 വയസ്സായി ഉയർത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതല്ലാതെ, കോളേജ് അദ്ധ്യാപകരുടെ എൻട്രി കേഡറിനുള്ള പ്രായപരിധിക്ക് മാറ്റം വരുത്തുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും പരിഗണനയിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) യു.ജി.സി.. പദ്ധതിയുടെ ഭാഗമായി NET-ന് പരിശീലനം നൽകുന്ന' പരിപാടി എറണാകുളം മഹാരാജാസ് കോളേജിൽ നടത്തുന്നതിന് നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ ക്ലസ്റ്റർ ഓഫ് കോളേജിന്റെ ഭാഗമായും NET-ൽ പരിശീലനം നൽകുന്നുണ്ട്.

(സി) സർക്കാർ കോളേജുകളിൽ ഉണ്ടാകുന്ന അദ്ധ്യാപക ഒഴിവുകൾ ഉടനടി തന്നെ പി.എസ്.സി. വഴി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. എയ്ഡഡ് കോളേജുകളിലെ ഒഴിവുകൾ നികത്തുന്നതിനു വേണ്ടി പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് അനുവദനീയമായ ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ഡി) സംസ്ഥാനത്തെ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലാണ്.

(ഇ) പഠന സമിതിയുടെ ശുപാർശ അനുസരിച്ച് സിലബസ് കാലാനുസൃതമായി പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ യൂണിവേഴ്സിറ്റി തലത്തിൽ കൈക്കൊണ്ടുവരുന്നു.

യു.ജി.സി. ശമ്പള പരിഷ്കരണം വഴി 2000 കോടി രൂപ നഷ്ടപ്പെടാനിടയായ സാഹചര്യം

82 (3836) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു.ജി.സി. ശമ്പള പരിഷ്കരണം വഴി കേരളത്തിന് ലഭ്യമാക്കേണ്ട 2000 കോടി രൂപ നഷ്ടപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിനുള്ള സാഹചര്യം വിശദീകരിക്കുമോ ;

(സി) കോളേജ് അദ്ധ്യാപകരുടെ ശമ്പളം എന്നാണ് പരിഷ്കരിച്ചതെന്ന് വ്യക്തമാക്കുമോ ;

(ഡി) തുടർന്നുള്ള പരിഷ്കരണം എന്നു മുതൽ നൽകുമെന്ന് വ്യക്തമാക്കുമോ ;

(ഇ) ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റം നടപ്പാക്കിയപ്പോൾ നികത്തുമെന്ന് പറഞ്ഞ മുഴുവൻ ഒഴിവുകളും നികത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല

(ബി) ബാധകമല്ല

(സി) 27-3-2010 (സ.ഉ. (പി) നമ്പർ 58/10/ഉ.വി.വ. തീയതി 27-3-2010.

LIBRARY ARCHIVES Kerala Legislative Assembly